പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2864 18.06.2019-ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നാല്പത്തിയഞ്ച് മീറ്റർ വീതി ഇല്ലാത്തതുകാരണം സംസ്ഥാനത്തെ ഏതെങ്കിലും ദേശീയപാതകൾ സംസ്ഥാന പാതകളാക്കി മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ എന്ന് അറിയിക്കുമോ; | (എ) & (ബി) 45 മീറ്റർ വീതി ഇല്ലാത്തതു കാരണം സംസ്ഥാനത്തെ ദേശീയപാതകൾ ഒന്നും തന്നെ സംസ്ഥാന പാതകളാക്കി മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) ഇപ്രകാരം വീതി ഇല്ലാത്ത കേരളത്തിലെ നിലവിലെ ദേശിയപാതകൾ സംസ്ഥാനപാതകളാക്കി മാറ്റേണ്ടിവന്നാൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | |
| (സി) സംസ്ഥാനത്തെ ദേശീയപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല |

എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തെ ദേശീയപാത വികസനം മുൻഗണനാപട്ടികയിൽ High Priority 1 ൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ